## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 52

08.02.2016 ൽ
മറുപടിക്ക്

### വനിതാ എസ്.ഐ. റാങ്ക് ലിസ്റ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) വനിതകൾ ഉൾപ്പെട്ട ആദ്യത്തെ എസ്.ഐ. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ ; | (എ) | 26.05.2015 |
| (ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്തിരുന്നോ എന്നറിയിക്കുമോ; | (ബി) | വിജ്ഞാപനത്തിനുമുമ്പ് ഒഴിവുകൾ റിപ്പോർട്ടു ചെയ്തിരുന്നില്ല. |
| (സി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര വനിതകളെ നാളിതുവരെ നിയമിച്ചു; നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | (സി) | 26.5.15 -ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റ് വനിതകളും പുരുഷന്മാരും ഉൾപ്പെട്ട സംയോജിത (integrated) റാങ്ക് ലിസ്റ്റാണ്. ഇതിൽ നിന്നും ക്രമപ്രകാരം മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളു. വനിതകൾക്ക് മാത്രമായി നിയമനം നടത്തുവാൻ കഴിയുകയില്ല. 09.10.2014-ൽ റിപ്പോർട്ട് ചെയ്ത 30 വനിതാ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ